നം.ഇ.എക്സ് .സി.ജനറൽ -1/39200/2019/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12
തീയതി: 16 /01/2020

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - 2020 മാർച്ച് - എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷകളുടെ നടത്തിപ്പിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 12.11.2019-ലെ സർക്കാർ ഉത്തരവ് (സാധാ) നം.4804/2019/പൊ.വി.വ.
2. സ.ഉ.(സാധാ) നം.5772/2019/പൊ.വി.വ. തീയതി തിരുവനന്തപുരം 30.12.2019.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സി. പരീക്ഷ എല്ലാ ദിവസവും രാവിലെ ഹയർസെക്കണ്ടറി പരീക്ഷയോടൊപ്പം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവായി. ഇത്തരത്തിൽ സൂചന (2) പ്രകാരം 2020 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ ഹയർസെക്കണ്ടറിയോടൊപ്പം ഒരേ സമയം നടത്തുന്നതിന് താഴെ പറയുന്ന രീതിയിൽ ക്രമീകരണങ്ങൾ വരുത്താൻ സർക്കാർ നിർദ്ദേശിച്ചിരിക്കുകയാണ്.

## I. എസ്.എസ്.എൽ.സി. ചോദ്യപേപ്പർ സ്റ്റോറേജും, വിതരണവും

ഡി.ഇ.ഒ. തലത്തിൽ നടത്തുന്ന ചോദ്യപേപ്പർ സോർട്ടിംഗ് നിലനിർത്തുകയും ട്രഷറിയിലും ബാങ്കിലും ചോദ്യപേപ്പർ മാറ്റുന്ന സംവിധാനത്തിന് പകരമായി സോർട്ട് ചെയ്ത ചോദ്യപേപ്പറുകൾ ക്ലസ്റ്റർ തലത്തിൽ പരീക്ഷാകേന്ദ്രങ്ങളിലേയ്ക്ക് സോർട്ടിംഗ് കഴിഞ്ഞ് പരമാവധി 2 ദിവസത്തിനകം സുരക്ഷിതമായി കവചിത വാഹനങ്ങളിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്. ഇതിനായി ഗവൺമെന്റ്/ എയ്ഡഡ്/ അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ സ്കൂൾ ബസുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ഉപയോഗിക്കാവുന്നതാണ്. ഹയർസെക്കണ്ടറിയിലും വൊക്കേഷണൽ ഹയർസെക്കണ്ടറിയിലും ചോദ്യപേപ്പർ വിതരണത്തിന് നിലവിൽ പിന്തുടരുന്ന സംവിധാനം നിലനിർത്താവുന്നതാണ്.

## II. ചോദ്യപേപ്പർ സുരക്ഷ

(a) മൂന്ന് വിഭാഗങ്ങളിലെയും ചോദ്യപേപ്പർ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് പ്രിൻസിപ്പൽ/വൈസ് പ്രിൻസിപ്പൽ എന്നിവർ നിശ്ചയിക്കുന്ന ഒരു സ്ട്രോംങ് റൂം കണ്ടെത്തേണ്ടതാണ്. മൂന്ന് വിഭാഗങ്ങൾക്കും എല്ലാ ദിവസത്തെയും ചോദ്യപേപ്പർ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ഇരട്ട പൂട്ടുള്ള അലമാരകൾ ഉണ്ടാകേണ്ടതാണ്. അതോടൊപ്പം തന്നെ ചോദ്യപേപ്പർ സൂക്ഷിക്കുന്ന മുറിയുടെ മുൻഭാഗത്തായി സി.സി.ടി.വി. സൗകര്യവും ഉറപ്പാ

ക്കേണ്ടതാണ്. അധികമായി ആവശ്യം വരുന്ന ഫർണിച്ചർ (അലമാര), സി.സി.ടി.വി. സ്ഥാപിക്കുവാനുള്ള ചെലവ് എന്നിവ അതാത് പ്രിൻസിപ്പൽ/വൈസ് പ്രിൻസിപ്പൽമാർ പി.ഡി. അക്കൗണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

(b) ഹയർസെക്കണ്ടറി/ഹൈസ്കൂൾ/വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ ക്ലാസ് ഫോർ ജീവനക്കാർക്ക് ചോദ്യപേപ്പർ സുരക്ഷയ്ക്കായി ഡ്യൂട്ടി നിശ്ചയിച്ച് നൽകേണ്ടതാണ്. തങ്ങളുടെ അധികാരപരിധിയിലെ എല്ലാ പരീക്ഷാകേന്ദ്രങ്ങളിലും മതിയായ പോലീസ് സുരക്ഷയ്ക്ക് ആവശ്യമായിട്ടുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട ഡി.ഡി.ഇ/ഡി.ഇ.ഒ./ആർ.ഡി.ഡി./എ.ഡി. എന്നിവർ ചെയ്യേണ്ടതാണ്. ഹയർസെക്കണ്ടറി വിഭാഗം മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഉത്തരക്കടലാസ് വിതരണം ചെയ്യുന്ന മുറിയിലും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയ ക്യാമ്പുകളിലേയ്ക്ക് അയയ്ക്കുന്ന മുറിയിലും സി.സി.ടി.വി. സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ചോദ്യപേപ്പറുകളുടെയും ഉത്തരക്കടലാസുകളുടെയും പൂർണ്ണ ഉത്തരവാദിത്വം ചീഫ് സൂപ്രണ്ടിലും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിലും നിക്ഷിപ്തമായിരിക്കും.

III. **ചീഫ്/ഡെപ്യൂട്ടി/ഇൻവിജിലേറ്റർ നിയമനം**

മൂന്ന് വിഭാഗത്തിനും പ്രത്യേകം പ്രത്യേകമായി ചീഫ് സൂപ്രണ്ടിനെയും, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിനെയും നിയമിക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ ഇൻവിജിലേറ്റർമാരെ നിയമിച്ച അതേ രീതിയിൽ ഹൈസ്കൂൾ വിഭാഗത്തിലേയ്ക്ക് ബന്ധപ്പെട്ട ഡി.ഇ.ഒ.യും ഹയർസെക്കണ്ടറി വിഭാഗത്തിലേയ്ക്ക് ഹയർസെക്കണ്ടറി ഡയറക്ടറേറ്റും ഇൻവിജിലേറ്റർമാരെ നിയമിക്കേണ്ടതാണ്. എസ്.എസ്.എൽ.സി.യ്ക്ക് 20 കുട്ടികൾക്ക് 1 ഇൻവിജിലേറ്റർ എന്ന രീതിയിലും ഹയർസെക്കണ്ടറിയ്ക്ക് 30 കുട്ടികൾക്ക് 1 ഇൻവിജിലേറ്റർ എന്ന രീതിയിലും റിസർവ്വ് ഇൻവിജിലേറ്റർമാരെ കൂടി ഉൾപ്പെടുത്തി നിയമനം നൽകേണ്ടതാണ്.

IV. **മോണിറ്ററിംഗ് ടീം.**

മൂന്ന് വിഭാഗങ്ങളിലെയും പരീക്ഷകൾ മോണിറ്റർ ചെയ്യുവാൻ ഓരോ വിഭാഗത്തിനും അധികാരമുണ്ടായിരിക്കും. നിലവിൽ ജില്ലാതലത്തിൽ എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി, വി.എച്ച്.എസ്.സി. വിഭാഗത്തിലേയ്ക്ക് പ്രത്യേകം പ്രത്യേകം സ്ക്വാഡുകളാണ് പ്രവർത്തിച്ചു വരുന്നത്. ഈ സ്ക്വാഡുകൾ ഏകോപിപ്പിക്കുകയും സ്ക്വാഡിന്റെ പുതിയ ഘടന പരീക്ഷാകമ്മീഷണർ പുറപ്പെടുവിക്കുകയും ചെയ്യും.

V. **വിദ്യാർത്ഥികളുടെ ഇരിപ്പിട ക്രമീകരണം.**

(a) എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി, വി.എച്ച്.എസ്.സി. പരീക്ഷകൾ ഒരേ സമയം നടത്തുമ്പോൾ വിദ്യാർത്ഥികളുടെ ഇരിപ്പിട ക്രമീകരണത്തിൽ പരിമിതി നേരിടാമെന്നതിനാൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് പരീക്ഷാകേന്ദ്രമായി ഹൈസ്കൂൾ വിഭാഗം മാത്രമുള്ള പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കാവുന്നതാണ്.

(b) എസ്.എസ്.എൽ.സി. വിദ്യാർത്ഥികളെയും, ഹയർസെക്കണ്ടറി വിദ്യാർത്ഥികളെയും 20, 30 എന്ന ക്രമത്തിൽ ഇരിപ്പിടം ക്രമീകരിക്കാവുന്ന വിദ്യാലയങ്ങൾക്ക് നിലവിലെ രീതി തുടരാവുന്നതാണ്. ഈ രീതിയിൽ ക്രമീകരണം നടത്തിയാൽ സ്ഥലപരിമിതി നേരിടുന്ന വിദ്യാലയങ്ങൾക്ക് എല്ലാ ക്ലാസ്സ് റൂമിലും 30 കുട്ടികൾ എന്ന രീതിയിൽ ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാർത്ഥികളെ ഇടകലർത്തി ഇരിപ്പിടം ക്രമീകരിക്കണം. ഇങ്ങനെ ക്രമീകരിക്കുമ്പോൾ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികളെ ഒരു ബഞ്ചിൽ 2 കുട്ടികൾ എന്ന രീതിയിൽ ആകെ 20 കുട്ടികളെയും നടുവിൽ ഒരു ഹയർസെക്കണ്ടറി വിദ്യാർത്ഥിയെയും ക്രമീകരിക്കാവുന്നതാണ്. ഈ രീതിയിൽ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികളുടെ ക്രമീകരണം അവസാനിക്കുന്ന മുറയ്ക്ക് ഹയർസെക്കണ്ടറി ഒന്നും രണ്ടും വർഷ വിദ്യാർത്ഥികളെ ഇടകലർത്തി ബാക്കി മുറികളിൽ ഇരിപ്പിട ക്രമീകരണം പൂർത്തീകരിക്കേണ്ടതാണ്. 30 കുട്ടികളെ ഒരു ക്ലാസ്സ് റൂമിൽ ക്രമീകരിക്കുമ്പോൾ വീണ്ടും സ്ഥലപരിമിതി നേരിടുന്ന വിദ്യാലയങ്ങളിൽ 9X6 സ്പെസിഫിക്കേഷനുള്ള ഹയർസെക്കണ്ടറി ക്ലാസ്സ് റൂമുകളിൽ 3 ഡസ്ക്കുകൾ അധികമായി ക്രമീകരിച്ച് 30-ന് പകരം 39 കുട്ടികളെ ഒരു ക്ലാസ്സ് റൂമിൽ ക്രമീകരിക്കാവുന്നതാണ്.

(c) തങ്ങളുടെ അധികാരപരിധിയിലെ പ്രിൻസിപ്പൽമാരുടെയും വൈസ് പ്രിൻസിപ്പൽമാരുടെയും യോഗം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആർ.ഡി.ഡി., എ.ഡി. എന്നിവർ സംയുക്തമായി വിളിച്ചു ചേർത്ത് ഓരോ വിദ്യാലയത്തിലെയും ഇരിപ്പിട ക്രമീകരണം സംബന്ധിച്ച് വ്യക്തമായ രൂപരേഖ തയ്യാറാക്കേണ്ടതാണ്.

മേൽ വിവരിച്ചപ്രകാരം എസ്.എസ്.എൽ.സി/ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ വരുത്തുവാൻ എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർ/ആർ.ഡി.ഡി./എ.ഡി.മാരെയും ചുമതലപ്പെടുത്തുന്നു.

**പരീക്ഷാകമ്മീഷണർ**

പകർപ്പ്

1. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ/ആർ.ഡി.ഡി./എ.ഡി.
3. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം)
4. സെക്രട്ടറിയുടെ പി.എ
5. കരുതൽ ഫയൽ

SK